# 13-ാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1699 — 22-03-2012-ന് മറുപടി നൽകേണ്ടിയിരുന്നത്.

## 'അർഹമായ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് നടപടി'

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. മഞ്ഞളാംകുഴി അലി** | **ശ്രീ. ഉമ്മൻചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ). കേന്ദ്ര പൊതു ബഡ്ജറ്റ്, റയിൽവേ ബഡ്ജറ്റ് എന്നിവയ്ക്ക് മുന്നോടിയായി സംസ്ഥാനത്തിന് അർഹമായ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് സംസ്ഥാന സർക്കാർ കൈക്കൊണ്ട നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ ;<br><br>(ബി).ഇതിനായി സംസ്ഥാനത്ത് എം.പി.മാരുടെ യോഗം വിളിച്ചുചേർത്തിരുന്നുവോ; | (എ). യും (ബി) യും<br><br>സംസ്ഥാനത്തിന് അർഹമായ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മറ്റു മന്ത്രിമാരും രണ്ടുവട്ടം ഡൽഹി സന്ദർശിക്കുകയും കേന്ദ്രമന്ത്രിമാരുമായ് ചർച്ച നടത്തുകയും പദ്ധതികൾ സമർപ്പിക്കുകയും ചെയ്തു. ബഡ്ജറ്റ് സമ്മേളനത്തിന് മുന്നോടിയായി 16-02-2012-ന് സംസ്ഥാനത്തെ എം.പി. മാരുടെ യോഗം വിളിച്ചുകൂട്ടി. റയിൽവേ പദ്ധതികൾ തയ്യാറാക്കുന്നതിനും മുൻഗണന നിശ്ചയിക്കുന്നതിനുമായി എം.പി.മാരുടെ ഒരു യോഗം 24-01-2012-ൽ കൂടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നിവേദനം ബഹു: മുഖ്യമന്ത്രി, കേന്ദ്ര റയിൽവേ മന്ത്രിക്ക് സമർപ്പിച്ചു. |

(.....................2)

| | | | |
|---|---|---|---|
| (സി) | പ്രസ്തുത യോഗത്തിൽ എന്തെല്ലാം കാര്യങ്ങൾക്ക് മുൻഗണന നൽകാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ; | (സി) | കേരളത്തിൻെറ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട മെമു സർവ്വീസ്, റെയിൽവേ സ്റ്റേഷനുകളുടെ വികസനം, പുതിയ ലൈനുകൾ, ട്രെയിനുകളിൽ സ്ത്രീകളുടെ സുരക്ഷ, റെയിൽവേ മേൽപാലങ്ങൾ മുതലായവയും, കൂടുതൽ നോട്ടറിമാരെ അനുവദിക്കുക, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള ഭവന നിർമ്മാണത്തിന് കേന്ദ്ര സഹായം ലഭ്യമാക്കുക, കർഷക ആത്മഹത്യ, വയനാട്ടിലും ഇടുക്കിയിലും കേന്ദ്രീയ വിദ്യാലയങ്ങൾ ആരംഭിക്കുക, ഉൾനാടൻ ജലപാതയുടെ വികസനം, എൻഡോസൾഫാൻ ദുരിത ബാധിതർക്ക് പ്രത്യേക പാക്കേജ് അനുവദിക്കുക തുടങ്ങിയ വിഷയങ്ങളും കേന്ദ്ര സർക്കാരിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി നിർദ്ദേശിക്കപ്പെട്ടു. കേന്ദ്രാവിഷ്കൃത പദ്ധതികളിലും തൊഴിലുറപ്പ് പദ്ധതികളിലും സംസ്ഥാനത്തിനനുയോജ്യമായ രീതിയിൽ വ്യവസ്ഥകളിൽ മാറ്റം വരുത്താൻ കേന്ദ്രത്തോട് ആവശ്യപ്പെടാനും തീരുമാനിച്ചു. |
| (ഡി) | സംസ്ഥാന മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും കേന്ദ്ര മന്ത്രിമാരെ സന്ദർശിച്ച് ആവശ്യങ്ങൾ ഉന്നയിച്ചിരുന്നുവോ; | (ഡി) | ഉന്നയിച്ചിരുന്നു |
| (ഇ) | ഏതെല്ലാം പദ്ധതികൾക്കാണ് ആവശ്യങ്ങൾ ഉന്നയിച്ചിട്ടുള്ളതെന്നും ഏതെല്ലാം പദ്ധതികൾക്ക് അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും വിശദമാക്കുമോ ? | (ഇ) | വിവിധ വകുപ്പുകളുമായി ബന്ധ പ്പെട്ട് നിരവധി പദ്ധതികളും ആവശ്യങ്ങളും കേന്ദ്ര പരിഗണനയ്ക്കായി സമർപ്പിച്ചു. ഇവയിൽ താഴെ പ്പറയുന്നവ ഉൾപ്പെടെ നിരവധി പദ്ധതികൾ കേന്ദ്ര ഗവൺമെൻറ് അംഗീകരിച്ചു. അട്ടപ്പാടിയിൽ സമഗ്ര പരിസ്ഥിതി സംരക്ഷണ പദ്ധതി, റേഷൻ കടകളുടെ നവീകരണത്തിന് 12-ാം പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം. സംസ്ഥാനത്തിൻെറ ആവശ്യത്തിന് അരിയും ഗോതമ്പും അനുവദിക്കൽ, ന്യായവില കടകളിലൂടെ അവശ്യ സാധനങ്ങളുടെ വിതരണം, പാലക്കാട് കോച്ച് |

ഫാക്ടറി, വിദർഭ പാക്കേജ്, ഇടുക്കി പാക്കേജ്, വിഴിഞ്ഞം പോർട്ടിനുള്ള സെക്യൂരിറ്റി ക്ലിയ റൻസും പരിസ്ഥിതി ക്ലിയറൻസും, ശ്രവണ വൈകല്യമുള്ളവർക്ക് കൊക്ലിയർ ഇംപ്ലാന്റേഷൻ, നാഷണൽ സ്കൂൾ ഓഫ് അനിമേഷൻ തിരുവനന്തപുരത്ത് സി-ഡിറ്റിൽ നടപ്പാക്കുക, വയനാട്, കർണ്ണാടക എന്നിവിട ങ്ങളിൽ കൂടിയുള്ള യാത്രയുടെ ബുദ്ധിമുട്ടുകൾ സംബന്ധിച്ചുള്ള കാര്യങ്ങൾ, സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഫോർ ക്ലൈമാറ്റിക് ചെയ്ഞ്ചിനുള്ള വേൾഡ് ബാങ്കിൽ നിന്നുള്ള ലോൺ, കേരള ത്തിൽ ഒരു ഐ.ഐ.ടി. സ്ഥാപിക്കുന്നത് സംബ ന്ധിച്ച്, കുസാറ്റിനെ ഐ.ഐ. ഇ.എസ്.ടി. ആക്കി അപ്ഗ്രേഡ് ചെയ്യുക, കോട്ടയത്ത് ഒരു ഐ.ഐ.ഐ.ടി സ്ഥാപിക്കുക, കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പകൾക്ക് പലിശ സബ്സിഡി നൽകുക, ഹജ്ജ് തീർത്ഥാടകരുടെ ക്വോട്ട കൂട്ടുക, കൊല്ലം-ആലപ്പുഴ ബൈപാസ് നിർമ്മി ക്കുക, തൊഴിലുറപ്പു പദ്ധതിയുടെ വേതനം 200 രൂപയായി വർദ്ധിപ്പിക്കുക, സിൽക്കും, എച്ച്.ഇ.എൽ-മായുള്ള സംയുക്ത സംരംഭം, ഭാരത് ഹെവി ഇലക്ട്രിക്കൽ ലിമിറ്റഡും കേരള സർക്കാരുമായി ചേർന്ന് കാസർ ഗോഡ് ആരംഭിക്കുന്ന BHEL, Electric Machine Ltd, SCL-ഉം SAIL ഉമായി ചേർന്നുള്ള സംയുക്ത സംരംഭം, കായംകുളത്തു നിന്ന് തിരുവനന്തപുര ത്തേക്ക് വാതക പൈപ്പ്ലൈൻ നീട്ടൽ, മണ്ണെണ്ണ വിഹിതം അനുവദിക്കൽ, എൻഡോ സൾഫാൻ വിക്ടിംസിന് മെഡിക്കൽ കെയറും ധന സഹായവും നൽകുക, റീ ജണൽ ക്യാൻസർ സെന്ററിനെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്യാൻസർ എന്നാക്കുക, മലബാർ ക്യാൻസർ സെന്ററിനെ റീജണൽ ക്യാൻസർ സെന്ററാക്കുക, കൊച്ചി കോയമ്പത്തൂർ ഇൻഡസ്ട്രിയൽ കോറിഡോർ, അഹാഡ് റെപ്ലിക്കേഷൻ പ്രോഗ്രാം ഫോർ വയനാട്, വോളന്ററി റീ അലോക്കേഷൻ ഫോർ ട്രൈബൽസ് ഇൻ വയനാട്, കണ്ണൂർ, കരിപ്പൂർ, ട്രിവാൻഡ്രം, കൊച്ചി എയർപോർ ട്ടുകൾ എന്നിവ സംബന്ധിച്ച കാര്യ ങ്ങൾ.

പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ട

കേരളത്തിനു വേണ്ടിയുള്ള സ്പെഷ്യൽ ഫിനാൻഷ്യൽ പാക്കേജ്, മലയാളത്തിന് ക്ലാസിക്കൽ പദവി, കബോട്ടാഷ് നിയമം സംബന്ധിച്ച്, ഹൈസ്പീഡ് റെയിൽ കോറിഡോർ, മുല്ലപ്പെരിയാറിന്റെ അപകട സാദ്ധ്യത സംബന്ധിച്ച കാര്യങ്ങൾ, കൊച്ചി മെട്രോ റെയിൽ പദ്ധതി, കോൾകൃഷിക്കായി 425 കോടി രൂപയുടെ പദ്ധതി, കേരളത്തിലെ 44 നദികളുടെയും റിവർ മാനേജ്മെന്റ് പ്രോഗ്രാം, ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ വിവിധ പദ്ധതികളിൽ സംസ്ഥാനത്തെക്കൂടി ഉൾപ്പെടുത്തുക, സ്കൂൾ കുട്ടികൾക്കായി വിവിധയിടങ്ങളിൽ ഫുട്ട് ബ്രിഡ്ജ് സ്ഥാപിക്കൽ, മിന്നലിനെയും കടലാക്രമണത്തെയും പ്രകൃതി ദുരന്തങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തൽ, കേരളത്തിൽ വിവിധോദ്ദേശ്യ സൈ-ക്ലോൺ ഷെൽറ്ററുകൾ സ്ഥാപി ക്കൽ, കേരളത്തിലെ 44 നദികളുടെയും റിവർ മാനേജ്മെൻറ് പ്രോഗ്രാമിന് പ്രത്യേക ധന സഹായം, രജിസ്ട്രേഷൻ ആക്ട് ഭേദഗതി ചെയ്യുക, സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും തമ്മിലുള്ള സംയുക്ത സംരംഭം, ടൈറ്റാനിയം സ്പോഞ്ച് ഫാക്ടറി സ്ഥാപിക്കൽ, റെയർ എർത്ത് മിനറൽ ബനഫിക്കേഷൻ പ്രോജക്ട് കേരളത്തിൽ സ്ഥാപിക്കൽ, നാഷണൽ മിനറൽ ഡവലപ്മെൻറ് കോർപ്പറേഷനും കേരള സർക്കാരുമായി ചേർന്നുള്ള സംയുക്ത സംരംഭം, എൻവയോൺമെൻറ് ഇംപാക്ട് അസസ്സ്മെൻറ് നോട്ടിഫിക്കേഷൻ 2006 പ്രകാരം സ്റ്റേറ്റ് എൻവയോൺമെൻറ് ഇംപാക്ട് അസസ്സ്മെൻറ് അതോറിറ്റിയും സ്റ്റേറ്റ് ലെവൽ എക്സ്പർട്ട് കമ്മിറ്റിയും സ്ഥാപിക്കൽ, ഇന്റഗ്രേറ്റഡ് കോസ്റ്റൽ മാനേജ്മെൻറ് പ്രോജക്ട്, കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് ലോകബാങ്ക് വായ്പ, ചീമേനിയിൽ 1200 മെഗാവാട്ട് വാതകാധിഷ്ഠിത വൈദ്യുത നിലയം സ്ഥാപിക്കൽ, ബി.പി.സി.എൽ-ന്റെ കൊച്ചി റിഫൈനറി വികസനം, കൊച്ചിയിൽ എൽ.പി.ജി ഇറക്കുമതി ടെർമിനൽ സ്ഥാപിക്കൽ, മണ്ണെണ്ണ വിഹിതം അനുവദിക്കൽ, മത്സ്യ ബന്ധന വള്ളങ്ങൾക്ക് മണ്ണെണ്ണ അനുവദിക്കൽ, ഡീസൽ സബ്സിഡി സ്കീമിന്റെ ഗൈഡ് ലൈൻസ് പുതുക്കൽ, JnNURM പദ്ധതിയിൽ

വാങ്ങിയ ബസ്സുകൾക്കുള്ള രണ്ടാംഘട്ട തുക അനുവദിക്കൽ, ഡൽഹിയിൽ കേരളാ ഹൗസിന് കൂടുതൽ സ്ഥലം അനുവദിക്കൽ, രാജീവ് ഗാന്ധി അക്കാദമി ഓഫ് ഏവിയേഷൻ ടെക്നോളജിക്ക് പരിശീലനത്തിനായി പഴയ വിമാനം അനുവദിക്കൽ, ചേർത്തലയിൽ ഓർഡനൻസ് ഫാക്ടറി സ്ഥാപിക്കൽ, 35-ാം ദേശീയ ഗെയിംസിന്റെ ഗെയിംസ് വില്ലേജ് സ്ഥാപിക്കുന്നതിന് ആർമിയുടെ സഹായ ത്തോടെ പ്രീഫാബ്രിക്കേറ്റഡ് ഇൻഫ്രാ സ്ട്രക്ചർ നിർമ്മിക്കൽ, റേഷൻ കടകളുടെ നവീകരണത്തിന് സഹായം, സംസ്ഥാനത്തിന് ആവശ്യത്തിന് അരിയും ഗോതമ്പും അനുവ ദിക്കൽ, പൊതു വിതരണ ശൃംഖലയിൽ ബയോമെട്രിക് അടിസ്ഥാനത്തിൽ തിരിച്ചറിയൽ രേഖ നിർമ്മിക്കൽ, ന്യായവില ഷോപ്പു കളിലൂടെ അവശ്യ സാധനങ്ങളുടെ വിതരണം, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ വാഗണുകൾ എത്തുമ്പോൾ ഭക്ഷ്യധാന്യ വിതരണം, തുടങ്ങിയ പദ്ധതി നിർദ്ദേശങ്ങളാണ് സമർപ്പിച്ചത്.

സെക്ഷൻ ഓഫീസർ